(സി) നീതി മെഡിക്കൽ സ്റ്റോർ, ആരോഗ്യ വകുപ്പിന് കീഴിലെ മെഡിക്കൽ സ്റ്റോർ, കാരുണ്യ മെഡിക്കൽ സ്റ്റോർ എന്നിവിടങ്ങളിൽ പട്ടികടിയേറ്റവർക്ക് ലഭ്യമാക്കുന്ന മരുന്നുകളുടെ വിലയും സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിലെ വിലയും എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) തെരുവ് നായകൾ മനുഷ്യജീവന് ഭീഷണിയായാൽ അവയെ കൊല്ലാം എന്ന നിയമ സെക്രട്ടറിയുടെ അഭിപ്രായം ആരോഗ്യ വകുപ്പും ക്യാബിനറ്റും പരിശോധിച്ചുവോ; വ്യക്തമാക്കുമോ;

(ഇ) ഉത്തരാഖണ്ഡ് സംസ്ഥാനത്ത്, പട്ടികടിയേറ്റ് ആശുപത്രികളിൽ ചികിത്സ നടത്തവേ മരണപ്പെട്ടാൽ അവർക്ക് ആരോഗ്യ വകുപ്പ് രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനവും നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) കേന്ദ്ര സർക്കാർ, തെരുവുനായ്ക്കളാൽ ആക്രമിക്കപ്പെടുന്നവർക്ക് ചികിത്സയ്ക്കും, മരുന്നിനും നഷ്ടപരിഹാരത്തിനുമായി എത്ര രൂപ നൽകി; സംസ്ഥാന ആരോഗ്യ വകുപ്പ് സഹായം ആവശ്യപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ജനറൽ ആശുപത്രിയായി ഉയർത്തിയതിന്റെ വിവരങ്ങൾ

35(2503) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ആശുപത്രികൾ ജനറൽ ആശുപത്രികളായി ഉയർത്തപ്പെട്ടിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

ഏഴ് ആശുപത്രികളെ ജനറൽ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. നെയ്യാറ്റിൻകര, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലാ ആശുപത്രികളും പാല, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, ഇരിങ്ങാലക്കുട എന്നീ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളുമാണ് ജനറൽ ആശുപത്രിയായി ഉയർത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly